കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുത്തൻച്ചിറ ഗ്രാമപഞ്ചായത്ത്

## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

# ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ-ടി.എസ്.ആർ.(പി1)1424/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
PIN: 680 020
Ph.No. 0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 18.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുത്തൻച്ചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- പുത്തൻച്ചിറ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ്

നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തൻച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ(പി1) 1424/2017 തീയതി: 18.09.2017

## തൃശ്ശൂർ ജില്ലയിലെ പുത്തൻച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുത്തൻച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 01.04.2016 മുതൽ 31.3.2017 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.08.2017 മുതൽ 25.08.17 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ശിവൻ.പി.എ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ബിത. റ്റി. എസ്. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിനിലാൽ.എം.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ജോയ്സൻ. സി.ജെ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | |
| എം.പി. സോണി | 1-4-2016 മുതൽ 21-7-2016 വരെ |
| ബീന സുധാകരൻ (ഇൻ ചാർജ്) | 22-7-2016 മുതൽ 10-8-2016 വരെ |
| കെ.വി.സുജിത്ത് ലാൽ | 11-8-2016 മുതൽ 31-3-2017 വരെ |

| | | |
|---|---|---|
| സെക്രട്ടറി | എ.വി.കാർത്തികേയൻ | 1.4.2016 മുതൽ 31.05.2016 വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് | കുമാരി എം,പി., | 1.6.2016 മുതൽ 5.9.2016 വരെ |
| | ഹരി സി.എസ്. | 5.9.2016 മുതൽ 9.9.2016 എഫ്.എൻ. |
| | പ്രേമാനന്ദ് സി.എം. | 9.9.2016 മുതൽ 31.3.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | രാധിക കെ.യു. | 1.4.2016 - 31.03.2017 |
| അസിസ്റ്റൻറ് എഞ്ചിനീയർ | ആര്യ വി.ബി. | 1.4.2016 - 31.03.2017 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ. പ്രതീഷ് | 1.4.2016 - 31.03.2017 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ. സോണിയ | 1.4.2016 - 31.3.2017 |
| വെറ്ററിനറി സർജൻ | ഡോ.സെയിൻ കെ.ജി. | 1.4.2016 - 31.3.2017 |
| ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്. | ശശികുമാർ ടി.എം. | 1.4.2016 - 31.3.2017 |
| വി.ഇ.ഒ. | ഷിഫാന പി.എസ്. | 1.4.2016 - 31.3.2017 |
| അസിസ്റ്റൻറ് സെക്രട്ടറി | കുമാരി എം.പി. | 1.4.2016 - 5.9.2016 |
| | ഒഴിവ് | 6.9.2016 - 16.9.2016 |
| റെജി പോൾ | | 17.9.2016 - 31.12.2016 |
| | ഹസീബലി പി.എം. | 31.12.2016 - 31.3.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലളിത കെ.കെ. | 1.4.2016 - 15.2.2017 |
| | നീര കെ.ജി. | 16.2.2017 - 31.3.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | നിഷ സി. | 1.4.2016 - 31.3.2017 |
| പ്രസിഡൻറ് | | |
| എം.പി. സോണി | | 1.4.2016 - 21.7.2016 |
| ബീന സുധാകരൻ (ഇൻ ചാർജ്ജ്) | | 22.7.2016 - 10.8.2016 |
| കെ.വി.സുജിത്ത് ലാൽ | 11.8.2016 - 31.3.2017 | 11.8.2016 - 31.3.2017 |

ഉള്ളടക്കം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം – 2 | |
| 11 | തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തുന്നു | 2-1 |
| 12 | ഡി&ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ | 2-2 |
| 13 | തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-3 |
| 14 | കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-4 |
| 15 | മൊബൈൽ ടവറുകളുടെ പെർമിറ്റ്, വസ്തുനികുതി കുടിശ്ശിക എന്നിവയുമായി ബന്ധപ്പെട്ട അപാകതകൾ | 2-5 |
| 16 | വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 2-6 |
| 17 | വസ്തുനികുതി തെറ്റായി നിശ്ചയിച്ചിരിക്കുന്നു | 2-7 |
| 18 | പരസ്യനികുതി, വാടക ബൈലോ ഇല്ല | 2-8 |
| 19 | അനധികൃത നിർമ്മാണം സംബന്ധിച്ച് | 2-9 |

| | | |
|---|---|---|
| 20 | ലൈവ് സ്റ്റോക്ക് ഫാം- ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന പന്നി ഫാംമും, കോഴി ഫാമുകളും | 2-10 |
| ഭാഗം – 3 | | |
| 17 | വാട്ടർ ഹീറ്റർ സ്ഥാപിക്കൽ- കരാർ ലഭ്യമാക്കണം. | 3-1 |
| 18 | മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. | 3-2 |
| 19 | പാലിയേറ്റീവ് കെയർ ഡയറി, അനുബന്ധ രേഖകൾ ഹാജരാക്കിയില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-3 |
| 20 | സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുന്നതിനും, കാലാവധിക്കുള്ളിൽ മരുന്നുകൾ ഉപയോഗിക്കുന്നതിനും നടപടി സ്വീകരിക്കണം. | 3-4 |
| 21 | തൊഴിലുറപ്പ് പദ്ധതി- കാർഷികാവശ്യത്തിനായി കുളം നിർമ്മാണം-തുടർനടപടി സ്വീകരിക്കണം. | 3-5 |
| 22 | തൊഴിലുറപ്പ് പദ്ധതി-ഭരണ നിർവ്വഹണ ചെലവുകൾ അധികരിച്ചു. | 3-6 |
| 23 | സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകയിൽ ബാക്കിയുള്ള തുക തിരികെ സർക്കാരിലേക്ക് അടവാക്കാൻ നടപടി സ്വീകരിക്കണം. | 3-7 |
| 24 | അംഗൻവാടികളുടെ പ്രവർത്തനം ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. | 3-8 |
| 25 | ആശ്രയ പദ്ധതി തുടർ നടപടി സ്വീകരിക്കണം. | 3-9 |
| 26 | അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-10 |
| 27 | ചരിത്രസ്മാരകങ്ങളുടെ സംരക്ഷണത്തിന് | 3-11 |

| | | |
|---|---|---|
| | വികസനഫണ്ട് ഉപയോഗിച്ചത് മാർഗരേഖക്ക് വിരുദ്ധം | |
| 29 | കൺവീനർ പ്രവൃത്തി-ആവശ്യത്തിന് ബിറ്റുമിൻ ഉപയോഗിച്ചില്ല. | 3-12 |
| 30 | പഞ്ചായത്ത് ഓഫീസ് മുതൽ കുന്നത്തേരി ജങ്ഷൻ വരെ റോഡ് പുനരുദ്ധാരണം-അപാകതകൾ | 3-13 |
| 31 | 103 നം.അംഗൻവാടി വൈദ്യുതീകരണം നടത്തിയിട്ടില്ല. | 3-14 |
| 32 | പിണ്ടാണി പടിഞ്ഞാറ് മിച്ചഭൂമി കോളനി റോഡ്-എൻജിനീയറെ അറിയിക്കാതെ ടാറിങ് നടത്തി. | 3-15 |
| 33 | കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ- പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് | 3-16 |
| 34 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ | 3-17 |
| 36 | ജലനിധി പദ്ധതി-അവലോകനം. | 3-18 |
| 37 | ക്ഷേമ പെൻഷനുകൾ | 3-19 |
| 38 | തൊഴിലുറപ്പുപദ്ധതി | 3-20 |
| | ഭാഗം – 4 | |
| 40 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീരകരിക്കാൻ അവശേഷിക്കുന്നത്. | 4-3 |
| 44 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |

| | | |
|---|---|---|
| 48 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-8 |
| 49 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയ്യതി | 23/03/2017 | |
| കമ്മിറ്റി തീരുമാനം | നമ്പർ 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 92266849 | 85879485 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31/07/2017 | 28/7/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ

1. വാർഷിക കണക്ക് ബാലൻസ് ഷീറ്റ് പട്ടിക B4 പ്രകാരം സംയുക്ത പ്രോജക്ടിനത്തിൽ നീക്കിയിരുപ്പായി 501495രൂപ രേഖപെടുത്തിയിട്ടുണ്ട്. അതേസമയം റസീപ്റ്റ് & പേയ്മെന്റ് പട്ടിക 40(b) പ്രകാരം 39398 മാത്രമാണ് നീക്കിയിരുപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. (ഖണ്ഡിക 3-7 കാണുക)

2. നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതാ കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വസ്തുനികുതി സഞ്ചയ പ്രകാരമുള്ള ഡിസിബി കണക്കുകളും, സാംഖ്യ പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപെടുന്നില്ല. വ്യത്യാസം ക്രമീകരിക്കാൻ നടപടി സ്വീകരിക്കണം. 2016-17 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, വാർഷിക കണക്കുകളിലെ ഇൻകം ആന്റ് എക്സ്പെന്റീച്ചർ പത്രിക, റസീറ്റ് ആന്റ് പെയ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെട്ടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 64,01,530/- |
| വരവ് | 4,60,74,032/- |
| ആകെ | 5,24,75,562/- |
| ചെലവ് | 3,93,47,683/- |
| നീക്കിബാക്കി | 1,31,27,879/- |

## 1-5 വിവിധ ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 8875025 | 8875025 | 6718270 | 2156755 | 75.7 |
| എസ് സി പി | - | 5798277 | 5798277 | 3809929 | 1988348 | 65.7 |
| ടി എസ് പി | - | 13446 | 13446 | 13446 | 0 | 100 |
| 13TH ധനകാര്യ കമ്മീഷൻ | - | 4977087 | 4977087 | 2816579 | 2160508 | 56.59 |
| ലോകബാങ്ക് സഹായം | - | 2606479 | 2606479 | 1637610 | 968869 | 62.8 |
| ബി ഫണ്ട് | - | 653062 | 653062 | 653062 | 0 | 100 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 11528325 | 11528325 | 2319886 | 9208439 | 20.12 |

| | | | | | | |
|---|---|---|---|---|---|---|
| നോൺറോഡ് | - | 2554755 | 2554755 | 2554755 | 0 | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | - | 7033032 | 7033032 | 3051928 | 3981104 | 43.39 |
| എൻ. ആർ. ഇ. ജി. എസ് | 2281 | 569300 | 571581 | 565367 | 6214 | 98.91 |

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 153 | 48728446 | 93 | 24468023 | 47 | 13 | 61 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷത്തെ വരവ് | തൻവർഷത്തെ വരവ് | വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 2542262 | 4389526 | 1847264 | 72.66 |
| നികുതിയേതര വരവുകൾ | 664092 | 1025451 | 361359 | 54.41 |
| മറ്റുവരവുകൾ | 6666743 | 7033032 | 366289 | 5.49 |
| ആകെ | 9873097 | 12448009 | 2574912 | 26.08 |

# 1-8 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 178680 | 95 |
| കർഷക തൊഴിലാളി പെൻഷൻ | 6038820 | 2040 |
| വിധവാ പെൻഷൻ | 9361540 | 1910 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 11943175 | 2764 |
| വികലാംഗ പെൻഷൻ | 2295235 | 1635 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 426100 | 84 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 13.07.2017-15.07.2017 | 6/17 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറൽ | 7.5.13 – 15.5.13 | 2004-05 to 2008-09 | 10-12-13 |

# 1-10 ആഭ്യന്തര നിയന്ത്രണം

1.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർത്തിയാക്കി സൂക്ഷിക്കേണ്ടതാണ്. (കെട്ടിട നമ്പർ കിട്ടിയിട്ടുണ്ടെങ്കിൽ ചേർക്കേണ്ടതാണ്.)

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ

## നിലനിർത്തുന്നു

സർക്കുലർ നമ്പർ 58725/ എഫ്.എം3/2008/ ത.സ്വ. ഭ.വ /26.5.11 അനുസരിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നും ഇതിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നിലനിർത്തരുത് എന്നും നിർദ്ദേശമുണ്ട്. എന്നാൽ പുത്തൻച്ചിറ പഞ്ചായത്തിന്റെ തനത് ഫണ്ട് എസ്.ബി.ഐ അക്കൗണ്ട് (പുത്തൻച്ചിറ), റ്റി.ഡി.സി.ബി അക്കൗണ്ട് (പുത്തൻച്ചിറ), എസ്.സി.ബി അക്കൗണ്ട് (പുത്തൻച്ചിറ), മറ്റൊരു എസ്.ബി.ഐ അക്കൗണ്ട് (for online tax payment) എന്നിവയിൽ നിക്ഷേപിക്കുന്നതായി കാണുന്നു. ഇത് ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-2 ഡി&ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ

1.ഡി&ഒ ലൈസൻസ് അപേക്ഷകളിൽ സ്ഥാപനങ്ങളുടെ പേര്, സ്ഥിതി ചെയ്യുന്ന സ്ഥലം ഇവ ഇംഗ്ലീഷിലും, മലയാളത്തിലും എഴുതിയിട്ടുണ്ടെന്ന് സത്യവാങ്മൂലം കാണുന്നില്ല.

2.ഡി&ഒ ലൈസൻസ് അപേക്ഷകളിൽ സ്ഥാപനങ്ങൾ 30 മൈക്രോണിൽ താഴെ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വിൽക്കുന്നില്ല. അതുപോലെ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നില്ല എന്നീ സത്യവാങ് മൂലങ്ങൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.

3.കോഴി ഫാമുകളുടെ ലൈസൻസ് അനുവദിച്ചിട്ടുള്ളതിൽ പലതിന്റെയും പി.സി.ബിയിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം 31/12/2016 വരെയാണ്.

4. 5എച്ച്.പിയ്ക്ക് മുകളിൽ വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം വാങ്ങി അപേക്ഷയോടൊപ്പം വയ്ക്കണമെന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം ഇല്ലാതെയാണ് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

താഴെ ചില ഉദാഹരണങ്ങൾ ചേർക്കുന്നു.

| ലൈസൻസ് നം. | ലൈസൻസിയുടെ പേര് | വൈദ്യുത ഉപകരണം | വാർഡ് നം. | പി.സി.ബി അനുമതി സാക്ഷ്യ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | പത്രം |
| 1/16-17 | ഇ.ആർ ആനന്ദം | 20എച്ച്.പി | 6/286A | ഇല്ല |
| 2/16-17 | വി.വി ഷാജൻ | 7എച്ച്.പി | 5/264 | ഇല്ല |
| 3/16-17 | വി.എം ഉമ്മർ ഫാറൂഖ് | 8 എച്ച്.പി | 10/373A | ഇല്ല |
| 16/16-17 | സെക്രട്ടറി,ക്ഷീരോത്പാദക സഹകരണ സംഘം, വെള്ളൂർ | 7 എച്ച്.പി | 10/272 | ഇല്ല |
| 19/16-17 | എ.കെ സുബൈർ | 41എച്ച്.പി | 7/377 | 31/1/2017 വരെ |

## 2-3 തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| | |
|---|---|
| കെ.എസ്.ഇ.ബി,പുത്തൻചിറ | 1-ാം അർദ്ധ വർഷം |
| എസ്.സി.ബി,പുത്തൻചിറ | 1,2 അർദ്ധ വർഷം |
| എപ്പ്കോസ് | 1-ാം അർദ്ധ വർഷം |
| എച്ച്.ഡി.എഫ്.സി | 2-ാം അർദ്ധ വർഷം |
| മൾട്ടിപർപ്പസ് കോപ്പറേറ്റീവ് സോസൈറ്റി | 1,2 അർദ്ധ വർഷം |
| കള്ള്ഷാപ്പ് | 1,2 അർദ്ധ വർഷം |

താഴെ പറയുന്ന ജീവനക്കാരിയിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കി.

| പേര് | സ്ഥാപന | അർദ്ധ | ഈടാക്കി | ഈടാക്കേ | കുറവ് |
|---|---|---|---|---|---|

| | പേര്,തസ്തിക | വാർഷികം വരുമാനം | യത് | ണ്ടത് | |
|---|---|---|---|---|---|
| ശാന്ത.പി.വി | പി.റ്റി.എസ്, ഗവ.ആയുർവേദ ആശുപത്രി, പുത്തൻചിറ | 81,980/- | 600/- | 750/- | 150/- |

## 2-4 കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ ടെണ്ടർ നടപടികളിൽ പങ്കെടുത്ത കോൺട്രാക്ടമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ, ഈടാക്കുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 4, തിയ്യതി 24/8/2017 നൽകിയെങ്കിലും മറുപടി നൽകിയില്ല.

## 2-5 മൊബൈൽ ടവറുകളുടെ പെർമിറ്റ്, വസ്തുനികുതി കുടിശ്ശിക എന്നിവയുമായി ബന്ധപ്പെട്ട അപാകതകൾ

പുത്തൻചിറ ഗ്രാമ പഞ്ചായത്തിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയുമായി ബന്ധപ്പെട്ട് 24.8.17ൽ നൽകിയ എൻക്വയറി നമ്പർ. 3ന് മറുപടി നൽകിയില്ല. പുത്തൻചിറ ഗ്രാമ പഞ്ചായത്തിൽ ചുരുക്കം ചില സ്ഥലങ്ങളിൽ നടത്തിയ പരിശോധന വേളയിൽ 3 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. ആയതിനാൽ പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച വരുന്ന എല്ലാ മൊബൈൽ ടവറുകളുടെയും കൃത്യമായ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, വസ്തുനികുതി കുടിശ്ശിക പലിശസഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.







കിഴക്കുമുറി എസ്.ബി.ടിക്ക് സമീപം അംബേദ്കർ കുടിവെള്ള പദ്ധതിക്ക് സമീപം

പുത്തൻച്ചിറ ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ പുതിയ മൊബൈൽ ടവർ പെർമിറ്റിനുള്ള 4G സേവന ദാതാക്കളുടെ ഒരു അപേക്ഷ മാത്രമാണ് കാണാൻ സാധിച്ചത്. ആയതിനാൽ അനധികൃതമായി പണി പൂർത്തീകരിച്ച എല്ലാ മൊബൈൽ ടവറുകളും കണ്ടെത്തി റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പുത്തൻച്ചിറ ഗ്രാമ പഞ്ചായത്തിലെ സഞ്ചയ,സാംഖ്യ സോഫ്റ്റ് വെയറുകളിലെ വസ്തുനികുതി കുടിശ്ശികകൾ തമ്മിൽ വളരെ അന്തരം കാണുന്നു. അതായത് സഞ്ചയ, സാംഖ്യ സോഫ്റ്റ് വെയറുകൾ സംയോജിപ്പിച്ചപ്പോൾ 2013 മുമ്പുള്ള കുടിശ്ശിക മാനുവലായി എൻട്രി ചെയ്തിട്ടില്ലായെന്ന് വ്യക്തമാണ്.

ആയതിനാൽ വസ്തുനികുതി കുടിശ്ശിക കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 വസ്തുനികുതി തെറ്റായി നിശ്ചയിച്ചിരിക്കുന്നു

അഷറഫ്, അബ്ദുള്ള സലാം, റഹമത്ത്,വാഴക്കമഠം ഹൗസ് എന്നയാളുടെ പൗൾട്രി ഫാമിന്റെ വസ്തുനികുതി തെറ്റായി നിശ്ചയിച്ചിരിക്കുന്നു.

പൂർത്തീകരിച്ച നിർമ്മിതി = 183. 60 ച.മീ

അടിസ്ഥാന വസ്തു നികുതി (10)=183.60 x10
= 1836
മേഖലയുടെ അടിസ്ഥാനത്തിൽ കുറവ്
(ത്രിതീയം 20%)=1836-1836 x 20/100 = 1469

| മേൽ വിലാസം | വീട് നമ്പർ | അളവ്($M^2$) | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| അഷറഫ്,അബ്ദുള്ള സലാം, റഹമത്ത്, വാഴക്കമഠം (ഹൗസ്) | 13/107A | 183.60 | 245/- | 1469/- | 1224/- |

ആയതിനാൽ ടിയാന്റെ വസ്തുനികുതി കൃത്യമാക്കി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-8 പരസ്യനികുതി,വാടക ബൈലോ ഇല്ല

1.പുത്തൻച്ചിറ ഗ്രാമപഞ്ചായത്തിൽ നാളിതുവരെയായി പരസ്യനികുതി ഈടാക്കുന്നില്ല. പരസ്യനികുതി ഈടാക്കുന്നതിന് ഡയറക്ടർ ഓഫ് പഞ്ചായത്ത് അംഗീകരിച്ച ബൈലോ ഇല്ല. ആയതിനാൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിൽ ഷോപ്പിംഗ് കോപ്ലക്സ് വാടകയ്ക്ക് നൽകുന്നതിന് ഡയറക്ടർ ഓഫ് പഞ്ചായത്ത് അംഗീകരിച്ച ബൈലോ ഇല്ല. മേൽപ്പറഞ്ഞ ഇനങ്ങൾക്ക് ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-9 അനധികൃത നിർമ്മാണം സംബന്ധിച്ച്

പുത്തൻച്ചിറ ഗ്രാമ പഞ്ചായത്തിൽ 24.8.17ൽ നടത്തിയ സ്ഥല പരിശോധന വേളയിൽ മങ്കിടി ജംഗഷ്ന് സമീപം (പെട്രോൾ പമ്പിന് എതിർവശം) അനധികൃതമായി ഷോപ്പിംഗ് കോപ്ലക്സ് (എകദ്ദേശം 450M2 വിസ്തീർണ്ണമുണ്ട്)നിർമിച്ചിരിക്കുന്നതായി കാണാൻ സാധിച്ചു.




മങ്കിടി ജംഗഷ്ന് സമീപം (പെട്രോൾ പമ്പിന് എതിർവശം)

കെ.പി.ബി.ആർ 2011 ലെ ചട്ടം (3) പ്രകാരം പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള നിർമ്മാണാനുമതി ആവശ്യമാണ്. ഗ്രാമപഞ്ചായത്തിന്റെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ പ്രസ്തുത നിർമ്മാണത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതായി കാണാൻ സാധിച്ചില്ല. പെർമിറ്റ് എടുക്കാതെ പണിത പ്രസ്തുത കെട്ടിടത്തിൽ സ്ഥലപരിശോധന നടത്തിയപ്പോൾ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.ആര്യ.വി.ബി. സന്നിഹിതയായിരുന്നു. ഈ അനധികൃത നിർമ്മാണത്തിനെതിരായി ഗ്രാമപഞ്ചായത്തെടുത്ത നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസില്ലാതെ പന്നി ഫാമും,കോഴി ഫാമുകളും

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ, ഗ്രമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന അനധികൃത പന്നിഫാമുകളും കോഴിഫാമുകളും പ്രവർത്തിക്കുന്നതായി കണ്ടു. 2012 ലെ കേരള ലൈവ് സ്റ്റോക്ക് ഫാം ചട്ടങ്ങളിലെ ചട്ടം 3(1) അനുസരിച്ച് അഞ്ചിലധികം പന്നികളും നൂറിലധികം കോഴികളുമുണ്ടെങ്കിൽ ലൈവ് സ്റ്റോക്ക് ഫാം ചട്ടങ്ങൾക്കനുസരിച്ച് ലൈസൻസ് എടുക്കേണ്ടതും ചട്ടം 3(2) അനുസരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അനുമതി കൂടാതെ യാതൊരു ഫാമുകളും പ്രവർത്തിക്കുവാൻ പാടില്ലാത്തതുമാണ്. എന്നാൽ പിണ്ടാണി എന്ന സ്ഥലത്ത് മാളിയേക്കൽ നിക്സൺ ഫെർണാണ്ടസ് എന്നവരുടെ ഉടമസ്ഥതയിൽ മതിയായ സ്ഥല സൗകര്യമില്ലാതെയും, ലൈസൻസ് എടുക്കാതെയും നൂറിലധികം പന്നികളെ വളർത്തുന്നത് കണ്ടു. ഈ ഫാമിന്റെ പിറകിൽ കുറച്ചകലെയായി വിശാലമായ

ജലാശയവുമുണ്ട്. ഫാം നിൽക്കുന്ന സ്ഥലം നിലം നികത്ത് ഭൂമിയാണോ എന്ന് പരിശോധിക്കേണ്ടതാണ്. പന്നി ഫാമിന്റെ കുറച്ച് മുന്നിലായി ഒരു ഷെഡിൽ കോഴികളെയും വളർത്തുന്നതും കണ്ടെത്തി. പന്നിഫാമിലേക്ക് വരുന്നവഴിയിൽ കോഴികളൊഴിഞ്ഞ രണ്ട് ഷെഡുകളും കണ്ടെത്തി. പഞ്ചായത്ത് ഭരണ സമിതിയുടെ 1-8-16 ലെ 2(46) നമ്പർ തീരുമാന പ്രകാരം അനധികൃതമായ ഈ പന്നി ഫാം അടച്ചുപൂട്ടുന്നതിനായി നോട്ടീസ് നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും, ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങളും ലഭിച്ചിട്ടില്ല.



തുടർന്ന് കൊമ്പത്ത് കടവ് എന്ന സ്ഥലത്ത് മടത്തിപ്പറമ്പിൽ ബാബു, മടത്തിപ്പറമ്പിൽ ചന്ദ്രശേഖരൻ എന്നിവരുടെ വീട് പരിസരത്ത് കോഴികളൊഴിഞ്ഞ ഷെഡുകളും കണ്ടെത്തി. ഇവർക്ക് ലൈസൻസ്, കെട്ടിട നമ്പർ എന്നിവയില്ലായിരുന്നു.

 

ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ ലൈസൻസില്ലാതെ കോഴി/പന്നി ഫാം എന്നിവ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾക്കെതിരെ മേൽ പരാമർശിച്ച നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാട്ടർ ഹീറ്റർ സ്ഥാപിക്കൽ-കരാർ ലഭ്യമാക്കണം.

മെഡിക്കൽ ഓഫീസർ(ആയുർവേദം) നടപ്പാക്കിയ പ്രോജക്ട് നം. 47/17 *ആയുർവേദാശുപത്രിയിലേക്ക് സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കൽ* പദ്ധതിക്കായി ബിൽ നം. 0187/28.2.17പ്രകാരം 59640 രൂപ പിൻവലിച്ച് ഫീനിക്സ് ഇന്റർ നാഷണൽ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. റീ ടെണ്ടർ വഴി ലഭിച്ച ഏക ടെണ്ടറായ സ്ഥാപനത്തിൽ നിന്നും സെക്യൂരിറ്റി നിക്ഷേപം വാങ്ങിയതായി കാണുന്നില്ല. നിയമാനുസൃതം കരാർ ഉണ്ടാക്കിയിട്ടില്ല. വാങ്ങിയ ഉപകരണത്തിന്റെ വാറണ്ടി സംബന്ധിച്ച് നിയമാനുസൃത കരാർ ചമച്ച് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-2 മരുന്നുകൾ ലഭ്യമാക്കാൻ നടപടി

## സ്വീകരിക്കണം.

മെഡിക്കൽ ഓഫീസർ ആയുർവേദം നടപ്പാക്കിയ പ്രോജക്റ്റ് നം. 66/17 ആയുർവേദാശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതിക്കായി ബിൽ നം. 30149/28.12.16 പ്രകാരം 7,00,000/- രൂപ പിൻവലിച്ച് ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 5,10,590/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. 1,89,410/-രൂപയുടെ മരുന്നുകൾ കൂടി ലഭിക്കേണ്ടതുണ്ട്. ഔഷധിയുമായി 3/1/17ന് ഏർപ്പെട്ട കരാറിലെ വ്യവസ്ഥ 2 പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഔഷധിക്ക് ബാധ്യതയുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. മരുന്നുകൾ ഒറ്റത്തവണയായി വാങ്ങുന്നതിന് തുക നൽകുകയും വളരെയധികം മരുന്നുകൾ ഒരുമിച്ച് ലഭിക്കുന്നതായും കാണുന്നുണ്ട്. ധാരാളം മരുന്നുകൾ ഒരുമിച്ച് ലഭിക്കുമ്പോൾ കാലാവധിക്കുള്ളിൽ തന്നെ വിതരണം ചെയ്യപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. മരുന്നുകളുടെ ആവശ്യകത നിർണ്ണയിച്ച് ഒറ്റത്തവണയായി വാങ്ങുന്നതിന് പകരമായി നിശ്ചിത കാലയളവിലേക്കാവശ്യമായ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-3 പാലിയേറ്റീവ് കെയർ ഡയറി, അനുബന്ധ രേഖകൾ ഹാജരാക്കിയില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. 80/17 കിടപ്പിലായ രോഗികൾക്ക് പാലിയേറ്റീവ് പരിചരണം പദ്ധതി പ്രകാരം വകയിരുത്തിയ 5,84,337/- രൂപയിൽ 4,19,009/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | ബിൽ നം./തിയതി | തുക | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | 150143/30.11.16 | 188709 | വാഹന വാടക, ഹോണറേറിയം, റിഫ്രഷ്മെന്റ് ചാർജ്ജസ്, ഗ്രാമപഞ്ചായത്തിൽ റീക്കപ്പ് ചെയ്ത തുക |
| 2 | 150161/28.1.17 | 39300 | വാഹന വാടക, ഹോണറേറിയം, റിഫ്രഷ്മെന്റ് ചാർജ്ജസ് |

| | | | |
|---|---|---|---|
| 3 | 1126/30.3.17 | 191000 | വാഹന വാടക, ഹോണറേറിയം, റിഫ്രഷ്മെന്റ് ചാർജ്ജസ്, മെഡിസിൻ പർച്ചേയ്സ്. |
| | ആകെ | 419009 | |

മേൽ പ്രകാരം തുക പിൻവലിച്ചതിൽ ക്രമനം. 1 ൽ 85,020/-രൂപ തനതു ഫണ്ടിൽ റീക്കുപ്പ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തിരികെ നൽകിയതായി കാണുന്നു. ടി സംഖ്യ ആർക്കെല്ലാമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല. കൈപറ്റ് രസീതുകൾ ഫയലിൽ ഇല്ല.

ക്രമനം. 3 ൽ ഉൾപെടുത്തി മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിന് പ്രഫോർമ ഇൻവോയ്സ് പ്രകാരം 1,23,000/-രൂപ നൽകിയിട്ടുണ്ട്. തുക കൈപറ്റിയതിന്റെ രസീത് ഫയലിൽ ഇല്ല. ഇതിൽ 13.5.17ലെ ബിൽ നം. 10204പ്രകാരം 28,345/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. 94,655/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

പാലിയേറ്റീവ് കെയർ ഡയറി, നോമിനൽ രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റീവ് കെയർ ചെലവുകൾ കമ്മിറ്റി അംഗീകരിച്ചതായി മിനിറ്റ്സിൽ രേഖപെടുത്തി കാണുന്നില്ല. ആയതിനാൽ കാരുണ്യയിൽ നിന്നും ലഭിച്ച 28,345/ രൂപയുടെ മരുന്നുകളുടെ ചെലവു തുക കഴിച്ച് ബാക്കി 3,90,664/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവു രേഖകൾ, രജിസ്റ്ററുകൾ അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.10/25.8.17)

## 3-4 സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുന്നതിനും, കാലാവധിക്കുള്ളിൽ മരുന്നുകൾ ഉപയോഗിക്കുന്നതിനും നടപടി സ്വീകരിക്കണം.

പ്രോജക്ട് നം. 82/17ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി ബിൽ നം. 0139/16.12.16 പ്രകാരം 2,90,000/- രൂപ പിൻവലിച്ച് ഹോംകോ, ആലപ്പുഴക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 1,29,220/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. 1,60,780/-രൂപയുടെ മരുന്നുകൾ കൂടി ലഭിക്കേണ്ടതുണ്ട്. മരുന്നുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന്

സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് 1945 ഷെഡ്യൂൾ എം. 1 പ്രകാരം ഹോമിയോ മരുന്നുകളുടെ കാലാവധി മാനുഫാക്ചറിംഗ് തിയ്യതി മുതൽ 60 മാസമായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ ഡ്രഗ്സ് കൺട്രോളറുടെ 1/11/2014 ലെ എം.എൽ. 1-13952/2014/ഡി.സി. നമ്പർ കത്ത് പ്രകാരം കാലാവധി കഴിഞ്ഞ ഹോമിയോ മരുന്നുകൾ നശിപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ ആകെ 14,190/- രൂപയുടെ മരുന്നുകൾ നശിപ്പിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 15.5.17 ന് ലഭിച്ച മരുന്നുകളിൽ വളരെയധികം മരുന്നുകൾ രോഗികൾക്ക് ആർക്കും തന്നെ നാളിതുവരെ നൽകി കാണുന്നില്ല. സ്ഥാപനത്തിൽ ലഭ്യമായ മരുന്നുകൾ രോഗികൾക്ക് സമയബന്ധിതമായി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും കാലാവധിക്കുശേഷം മരുന്നുകൾ നശിപ്പിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 തൊഴിലുറപ്പ് പദ്ധതി-കാർഷികാവശ്യത്തിനായി കുളം നിർമ്മാണം-തുടർ നടപടി സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിലെ പകരപിള്ളി പ്രദേശത്തെ പാറപെട്ട പാടശേഖരത്തിൽ കാർഷികാവശ്യത്തിനായി ഫാംപോണ്ട് നിർമ്മിക്കുന്നതിനായി ശ്രീമതി.ശകുന്തള വേണു, മഠത്തിപറമ്പിൽ എന്നവർ 2.3.17ന് അപേക്ഷ നൽകിയതനുസരിച്ച് 21,500 രൂപ എസ്റ്റിമേറ്റിൽ ആരംഭിച്ച പ്രവൃത്തി 6.3.17മുതൽ 12.3.17വരെ നടത്തിയതിൽ അളവ് പുസ്തകം 253/16-17 പ്രകാരം ആകെ 15,151 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. അതേസമയം 7.6.17ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 17ാംനമ്പർ തീരുമാനത്തിൽ മേൽപ്രവൃത്തി നിയമവിരുദ്ധമായി നടത്തിയ പ്രവൃത്തി ആയതിനാൽ കുളം കുഴിച്ച സ്ഥലത്ത് അതേമണ്ണ് ഉപയോഗിച്ച് പതിനഞ്ച് ദിവസത്തിനകം കുളം നികത്തണമെന്ന പ്രമേയം ഭൂരിപക്ഷാഭിപ്രായപ്രകാരം അംഗീകരിച്ചതായി രേഖപെടുത്തി കാണുന്നു. എന്നാൽ ഇക്കാര്യത്തിൽ പഞ്ചായത്ത് തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല.

തൊഴിലുറപ്പ് പദ്ധതി പ്രകാരം പഞ്ചായത്ത് നടപ്പാക്കിയ പദ്ധതി നിർത്തിവക്കുന്നതിന് ആവശ്യപെട്ട് റവന്യൂ അധികാരികളിൽ നിന്നോ, മറ്റു സർക്കാർ ഏജൻസികളിൽ നിന്നോ നിയമാനുസൃതം അറിയിപ്പുകൾ ലഭിച്ചതായോ, പ്രവൃത്തി സംബന്ധിച്ച് ഏതെങ്കിലും പരാതി പഞ്ചായത്തിൽ ലഭിച്ചതായോ

പ്രവൃത്തി നിർത്തിവയ്ക്കാൻ പഞ്ചായത്ത് നിർദ്ദേശം നൽകിയതായോ കാണുന്നില്ല. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കുകയുണ്ടായില്ല. ജലക്ഷാമം നേരിടുന്ന പ്രദേശമായതിനാൽ നിയമപരമായി തടസ്സങ്ങളില്ലെങ്കിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.9/25.8.17)

## 3-6 തൊഴിലുറപ്പ് പദ്ധതി-ഭരണ നിർവ്വഹണ ചെലവുകൾ അധികരിച്ചു.

തൊഴിലുറപ്പ് പദ്ധതി കാഷ് ബുക്ക് പ്രകാരം 8,19,120 രൂപയാണ് ഭരണ നിർവ്വഹണ ചെലവുകൾ രേഖപെടുത്തിയിട്ടുള്ളത്. ഇതിൽ 1,12,963 രൂപ 15-16,വർഷത്തെ ചെലവാണ്. ആയതിനാൽ 7,06,157/- രൂപയാണ് 2016-17 സാമ്പത്തിക വർഷത്തെ ചെലവായി കാണുന്നത്. എന്നാൽ വാർഷിക കണക്ക് റസീപ്റ്റ് &പെയ്മെന്റ് പത്രിക പ്രകാരം ഭരണ നിർവ്വഹണ ചെലവ് 5,65,367/- രൂപയാണ്. 1,40,790/-രൂപയുടെ വ്യത്യാസം കാണുന്നുണ്ട്. അതേസമയം ഇൻകം &എക്സ്പൻഡീച്ചർ സ്റ്റേറ്റ് മെന്റ് പ്രകാരം മൊത്തം പദ്ധതി ചെലവ് 75,66,551/-രൂപയാണ്. മൊത്തം ചെലവിന്റെ 9.33% തുക ഭരണ നിർവ്വഹണത്തിനായി വിനിയോഗിച്ചതായി കാണുന്നു. സർക്കാർ നിർദ്ദേശ പ്രകാരം നിലവിൽ ഈയിനത്തിൽ ചെലവഴിക്കാവുന്ന തുക 6% മാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി ചെലവുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-7 സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകയിൽ ബാക്കിയുള്ള തുക തിരികെ സർക്കാരിലേക്ക് അടവാക്കാൻ നടപടി സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കു പ്രകാരം സംയുക്ത പ്രോജക്ടിനത്തിൽ നീക്കിയിരുപ്പായി ബാലൻസ് ഷീറ്റ് പട്ടിക B4 ൽ 5,01,495 രൂപ രേഖപെടുത്തിയിട്ടുണ്ട്. മുൻവർഷം ലഭിച്ച തുകയിൽ ബാക്കിയുള്ള 3,87,132 രൂപയും തൻവർഷത്തെ നീക്കിയിരുപ്പായ 39,398 രൂപയും ഹെഡ് മാറി പോസ്റ്റിംഗ് നടത്തിയ 74,965 രൂപയും ഉൾപ്പെടെയാണിത്. സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകയിൽ യഥാർത്ഥത്തിൽ നീക്കിയിരുപ്പുള്ളതും തനതു ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമായ 4,26,530 രൂപ ( 3,87,132+ 39,398= 4,26,530) അതാതു

കൺസോളിഡേറ്റഡ് ഫണ്ട് ഹെഡ് ROP 911 ൽ തിരികെ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഹെഡ് മാറി പോസ്റ്റിംഗ് നടത്തിയ 74,965 രൂപയുടെ കണക്കുകൾ വരും വർഷത്തെ വാർഷിക കണക്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

# 3-8 അംഗൻവാടികളുടെ പ്രവർത്തനം ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 19 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 24 ാം നമ്പർ അംഗൻവാടി ഒഴികെ മറ്റെല്ലാ അംഗൻവാടികളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മുഴുവൻ അംഗൻവാടികളിലുമായി ആകെ 384 കുട്ടികളാണുള്ളത്. 22.03.11 ലെ നം.31055/ഡി.സി.2/2011 ഉത്തരവിൽ നിർദ്ദേശിക്കുന്നതു പ്രകാരം അംഗൻവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയർ/ഓവർസീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ നിലവാരം പരിശോധിക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് പ്രതിമാസ പരിശോധന നടത്തുന്നതിനും സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ ഹെൽത്ത് ഇൻസ്പെക്ടർ, സൂപ്പർവൈസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ടാഗ് ചെയ്ത് ഗുണനിലവാരമുള്ള ഭക്ഷ്യവസ്തുക്കൾ അംഗൻവാടികളിൽ എത്തുന്നുവെന്ന് ഉറപ്പാക്കണമെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. നിരീക്ഷണ കമ്മിറ്റി പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

24.8.17ന് നടത്തിയ സ്ഥലപരിശോധനയിൽ അംഗൻവാടി നം. 24 സുരക്ഷിതമല്ലായെന്നും ടി അംഗൻവാടി സമീപത്തുള്ള ഒരു ആൾതാമസമുള്ള വീട്ടിൽ പ്രവർത്തിക്കുന്നതായും കണ്ടു. വാർഷിക കണക്ക് ബാലൻസ് ഷീറ്റ് പ്രകാരം കേന്ദ്രവിഹിതമായി അനുവദിച്ച തുകയിൽ 5,37,711 രൂപ നീക്കിയിരുപ്പായി കാണുന്നുണ്ട്. 3.9.2010 ലെ സർക്കാർ ഉത്തരവ് നം. 39033/ഡി.സി.2/2010 ഉത്തരവ് പ്രകാരം കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കാൻ തുക വിനിയോഗിക്കാവുന്നതാണ്. അംഗൻവാടി കെട്ടിട നിർമ്മാണം സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. മുഴുവൻ അംഗൻവാടികൾക്കും ചുറ്റുമതിൽ, രണ്ടുവീതം

ഗ്യാസ് സിലിണ്ടറുകൾ, ബേബി ഫ്രണ്ട് ലി ടോയ് ലറ്റുകൾ, എന്നിവ ആവശ്യമാണ്. അംഗൻവാടികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സ്വന്തമായി ഒരു ഓഫീസ് സംവിധാനം ആവശ്യമാണ്. ആയതിനാൽ പ്രവൃത്തികൾക്ക് മുൻഗണന നിശ്ചയിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 ആശ്രയ പദ്ധതി തുടർ നടപടി സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിൽ ആശ്രയ ഒന്നാംഘട്ട പദ്ധതിയിലുൾപ്പെടുത്തിയ 28 ഗുണഭോക്താക്കളുണ്ടായിരുന്നു. ആദ്യഘട്ട പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ റീവിസിറ്റ് നടത്തി തുടർ സേവനപദ്ധതി രൂപീകരിക്കുന്നതിനു പകരമായി ആദ്യഘട്ടത്തിലുൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളെയും രണ്ടാംഘട്ടത്തിലുൾപ്പെടുത്തി ഡി.പി.ആർ തയ്യാറാക്കുകയാണുണ്ടായത്. നിലവിൽ സി.ഡി.എസ്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം വീട് ആവശ്യമായ 38 ഗുണഭോക്താക്കളിൽ 18 പേർക്ക് മാത്രമേ വീട് നൽകിയിട്ടുള്ളൂ. അതേ സമയം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ആശ്രയ പദ്ധതി ടo 73/17 വകയിരുത്തിയ 7.5 ലക്ഷം രൂപ 2016-17 വർഷത്തിൽ ചെലവഴിച്ചിട്ടില്ല. ഡി.പി.ആർ പ്രകാരം 20 ഗുണഭോക്താക്കൾക്ക് വീട് ആവശ്യമാണെന്നിരിക്കെ പദ്ധതിക്കായി വകയിരുത്തിയ തുക ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമല്ല. മാത്രമല്ല നിലവിലെ ഗുണഭോക്താക്കൾക്ക് ഇനിയും പരിഹരിക്കപ്പെടേണ്ടതായ നിരവധി ആവശ്യങ്ങൾ നിലവിലുള്ളതായി കാണുന്നു. ആയതിനാൽ സമയബന്ധിതമായി റീവിസിറ്റ് നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതും നിലവിലെ ഗുണഭോക്താക്കളുടെ യഥാർത്ഥ ആവശ്യങ്ങൾ നിർണ്ണയിച്ച് ആവശ്യമായ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

അപാകതകളുടെ വിവരം ചുവടെ കൊടുക്കുന്നു.

1.ചെലവ് 35.71% മാത്രം

2,53,80,565 രൂപക്കുള്ള 73 പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും, 34 പദ്ധതികളിലായി കേവലം 90,64,173 രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. 1,63,16,392 രൂപ ചെലവഴിക്കാൻ ബാക്കിനിൽക്കുന്നു.

2.പഞ്ചായത്ത് ഓഫീസ് മുതൽ കുന്നത്തേരി ജങ്ഷൻ വരെയുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ-കരാർ ചമയ്ക്കും മുമ്പേ അളവെടുക്കലും അളവുപരിശോധനയും.

പ്രൊജക്ട് നം.124/17, അടങ്കൽ -3107036 (സം.ഗ്രാന്റ്- 1434816, ജലനിധി-1672220)

കരാറുകാരൻ-എ.വി.പോൾസൺ

കരാർ-22/AE/LSGD/PCA/16-17/14.3.17

അളവുപുസ്തകം-215/16-17

ബിൽ നം-10/30.6.16 തുക 14,34,816/-

27/1/17 ന് ടെണ്ടർ നടത്തിയ ഈ പ്രവർത്തിയിൽ കുറവ് രേഖപ്പെടുത്തിയ മേൽപറഞ്ഞ കരാറുകാരന്റെ നിരക്ക് 1(4)/28/2/17 നം. തീരുമാന പ്രകാരം അംഗീകരിക്കുകയും 4/3/17 ന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. പക്ഷേ അളവുപുസ്തകം പരിശോധിച്ചപ്പോൾ അപ്പെന്റിക്സ് എ-യിലെ ഒന്നാം ഇനമായ കാനയുടെ കുഴിയെടുക്കൽ, 35.29m3 നടത്തിയതും അപ്പെന്റിക്സ് ബി-യിലെ ഒന്നാം ഇനമായ വെറ്റ് മിക്സ് മക്കാഡം 303.437m2 വിരിച്ചതും 1/2/17 ന് അളവെടുക്കുകയും 2/2/17 ന് അളവ് പരിശോധന നടത്തുകയും ഉണ്ടായിട്ടുണ്ട്. കൂടാതെ അപ്പെന്റിക്സ് എ-യിലെ പ്രൊവൈഡിങ് ആന്റ് ലേയിങ് സിമന്റ് കോൺക്രീറ്റ് 35.29m3 നടത്തിയത് 2/3/17 ന് അളവെടുത്തിട്ടുമുണ്ട്. ഭരണസമിതി അംഗീകാരം, സെലക്ഷൻ നോട്ടീസ് അയക്കൽ, കരാർ ചമയ്ക്കൽ എന്നിവക്ക് മുമ്പേ പ്രവത്തിയുടെ അളവെടുത്തതും അളവ് പരിശോധന നടത്തിയതും ആധികാരികമായ നടപടിയല്ല. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

# 3-11 ചരിത്രസ്മാരകങ്ങളുടെ സംരക്ഷണത്തിന് വികസനഫണ്ട് ഉപയോഗിച്ചത് മാർഗരേഖക്ക് വിരുദ്ധം

പ്രൊജക്ട് നം.-18/17, അടങ്കൽ തുക-2,00,000രൂപ

കരാറുകാരൻ-എ.വി പോൾസൺ

അളവുപുസ്തകം-234/15-16

ബിൽ നം.-17/30.3.17 തുക 120738/- (ഒന്നാം ഭാഗിക ബിൽ)

11/1/16 ലെ ജി.ഒ.(എം.എസ്)4/16നം. 12ാം പഞ്ചവൽസരപദ്ധതി മാർഗരേഖ പ്രകാരം ഇപ്രകാരമുള്ള പ്രവൃത്തികൾക്ക് വികസന ഫണ്ട് ചെലവാക്കാമെന്ന് പ്രതിപാദിച്ചിട്ടില്ല. ഈ മാർഗരേഖയിലെ അനുബന്ധം 15 പൊതു നിബന്ധനകളിലെ ഖണ്ഡിക 2.2 അനുസരിച്ച് മാർഗരേഖയിൽ പറയാത്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്. എന്നാൽ ഇത് പാലിക്കാതെ കരിങ്ങാച്ചിറയിലുള്ള തിരുവിതാംകൂർ ഭരണകാലത്തുള്ള അഞ്ചൽപെട്ടി ട്രസ്റ്റ് വർക്കിനും പോലീസ് സ്റ്റേഷൻ ഓടിളക്കി മേയലിനും വേണ്ടിയാണ് മേൽപ്രകാരം തുക ചെലവഴിച്ചത്. മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 കൺവീനർ പ്രവൃത്തി-ആവശ്യത്തിന് ബിറ്റുമിൻ ഉപയോഗിച്ചില്ല.

പ്രൊജക്ട് നം.5/17, കുപ്പൻ ബസാർ ശവക്കോട്ട റോഡ് റീടാറിങ്

അടങ്കൽ -4 90,000 സം.ഗ്രാന്റ്

കൺവീനർ-ദിലീപ്കുമാർ, തലപ്പിള്ളി ഹൗസ്, കൊമ്പത്തുകടവ്,
കരാർ-47/AE/LSGD/PCA/16-17/28.9.15

അളവുപുസ്തകം-62/15-16,ബിൽ നം.-1/29.9.16 തുക 368849/-

അളവുപുസ്തകം പേജ് 38 പ്രകാരം 21.94 ബാരൽ ബിറ്റുമിൻ ആണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ കൺവീനർ ഹാജരാക്കിയ സിഡ്കോയുടെ 11975/4/1/16 നം ഇൻവോയ്സ്, കണക്കുപുസ്തകം എന്നിവ പ്രകാരം 21 ബാരൽ ബിറ്റുമിൻ ആണ് ടിയാൻ വാങ്ങിയിട്ടുള്ളത്. ഇതനുസരിച്ച് 152.092 കി.ഗ്രാം ബിറ്റുമിൻ കുറവാണ് പ്രസ്തുത പ്രവൃത്തിയിൽ ടിയാൻ ഉപയോഗിച്ചിട്ടുള്ളതെന്ന് കാണാം ബിറ്റുമിൻ കുറവ് ഉപയോഗിച്ചതിന്റെ കാരണം വിശദമാക്കേണ്ടതും കുറവു വന്ന ബിറ്റുമിന്റെ കമ്പോളവില ടിയാനിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

# 3-13 പഞ്ചായത്ത് ഓഫീസ് മുതൽ കുന്നത്തേരി ജങ്ഷൻ വരെ റോഡ്പുനരുദ്ധാരണം-അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീമതി. ആര്യ വി.ബി.യുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത റോഡ് 24/8/17 ന് സന്ദർശിച്ചപ്പോൾ ടാറിങ് നടത്തിയതിന് ശേഷം വളവുകളിലും മരങ്ങളുടെ താഴെയും സീൽ കോട്ട് ഇളകിയിട്ടുള്ളതായി കണ്ടു. ഇക്കാര്യം അസിസ്റ്റന്റ് എൻജിനീയർ 22/8/17ലെ ഒന്നാം നം. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി അറിയിച്ചിരുന്നതാണ്. മാത്രമല്ല, വെറ്റ് മിക്സ് ചെയ്ത ചില ഭാഗങ്ങളിൽ ആയത് ഇളകി കുഴികളും രൂപപ്പെട്ടിട്ടുണ്ട്. 124/17നം. പ്രൊജക്റ്റായ ഈ പ്രവൃത്തിയുടെ ഒന്നാം ഭാഗിക ബിൽ 10/30.6.17 നം.ബിൽ പ്രകാരം 1434816 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ഇത്രയും തുക സംരക്ഷണഗ്രാന്റും 1672220 രൂപ ജലനിധി ഫണ്ടുമുള്ള ഈ പ്രവത്തിയുടെ ഫൈനൽ ബിൽ അപാകതകൾ കുറ്റമറ്റ രീതിയിൽ പരിഹരിച്ച ശേഷം മാത്രം നൽകേണ്ടതാണ്.

# 3-14 103 നം.അംഗൻവാടി വൈദ്യുതീകരണം നടത്തിയിട്ടില്ല.

24/8/17 ന് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീമതി. ആര്യ വി.ബി.യുടെ സാന്നിദ്ധ്യത്തിൽ ഗ്രാമപഞ്ചായത്തിലെ 103 നം. അംഗൻവാടി സന്ദർശിച്ചു. മൂന്ന് ലക്ഷം രൂപ വീതം ലോകബാങ്ക് സഹായം, ജില്ലാ പഞ്ചായത്ത് ഫണ്ട്, രണ്ട് ലക്ഷം രൂപ കേന്ദ്രവിഹിതം വകയിരുത്തിയ ഈ പദ്ധതിയുടെ അടങ്കൽ തയ്യാറാക്കിയപ്പോൾ വൈദ്യുതീകരണത്തിനുള്ള തുക വകയിരുത്തിയിരുന്നില്ല.12ാം പഞ്ചവൽസരപദ്ധതി മാർഗരേഖ പ്രകാരം (GO(MS)4/16/11.1.16) ഖണ്ഡിക X111(സി) പ്രകാരം ഒരു കെട്ടിട നിർമാണ പ്രൊജക്റ്റ് നടപ്പാക്കുമ്പോൾ അതിനേതെല്ലാം പ്രവൃത്തികൾ ആവശ്യമായി വരുമോ അവയെല്ലാം അടങ്കലിൽ ഉൾപ്പെടുത്തണം, ഇലക്ട്രിക്കൽ പ്ലമ്പിങ് പ്രവൃത്തികൾക്ക് അടങ്കലിൽ തുക വകയിരുത്തണം എന്ന നിബന്ധന പാലിച്ചിട്ടില്ല.

അംഗൻവാടി കെട്ടിടത്തിലേക്ക് എത്രയും വേഗം വൈദ്യുതിയും കുടിവെള്ളവും എത്തിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 3-15 പിണ്ടാണി പടിഞ്ഞാറ് മിച്ചഭൂമി കോളനി

## റോഡ്-എൻജിനീയറെ അറീയിക്കാതെ ടാറിങ് നടത്തി.

ഭരണാനുമതിനം.GO(Rt.)1126/11/DMD/23.2.11 തുക 4ലക്ഷം (പ്രകൃതിക്ഷോഭദുരന്തനിവാരണം)

സാ.അനുമതി നം.ജില്ലാകളക്ടറുടെ K6/13/51550/3.9.13

കരാർ നം.1/15-16/28.5.16

കരാറുകാരൻ-വി.എ. തോമാസ്.വാഴപ്പിള്ളി ഹൗസ്,ഇരിങ്ങാക്കുളം,പുത്തൻചിറ

അളവുപുസ്തകം 235/15 പ്രകാരം 26/3/16 ന് 25.37$m^3$ 12mm മെറ്റലിന്റെയും 8.48$m^3$ 6mm മെറ്റലിന്റെയും അളവെടുത്ത് 28/3/16 ന് അളവുപരിശോധന നടത്തിയിട്ടുണ്ട്.7/15.11.16 നം.ഭരണസമിതി തീരുമാനത്തിൽ എൻജിനീയറെ അറിയിക്കാതെ കരാറുകാരൻ ടാറിങ് നടത്തിയതായി സൂചിപ്പിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചീനിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രവൃത്തിസ്ഥലം ടാറിങ് നടത്തിയതായും രണ്ട് സ്ഥലങ്ങളിൽ ടാറിങ് ഇളകി കുഴികൾ രൂപപ്പെട്ടതായും കണ്ടെത്തി.പ്രകൃതിക്ഷോഭനിവാരണഫണ്ട് ആയതിനാൽ ഫണ്ട് നഷ്ടപ്പെട്ടുപോകാനിടയുള്ള സാഹചര്യം ഉള്ളതിനാൽ ഇക്കാര്യത്തിൽ യുക്തമായനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 കമ്പ്യൂട്ടർ , അനുബന്ധ ഉപകരണങ്ങൾ-പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് എടുത്തിരിക്കുന്നത് പൊതുവായ രജിസ്റ്ററിലാണ്. സർക്കുലർ നമ്പർ 86/2010 /fin24.09.2010ലെ നിർദ്ദേശാനുസരണം കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്ന ഓഫീസുകളിൽ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേക സ്റ്റോക്ക് രജിസറ്ററുകൾ സൂക്ഷിക്കണം. ആയതിനാൽ മേൽ പദ്ധതി പ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകൾ, പ്രിന്റർ എന്നിവയുടെ സ്റ്റോക്ക് സർക്കുലർ നിർദ്ദേശപ്രകാരം പ്രത്യേകം രജിസ്റ്റർ തയ്യാറാക്കി ആയതിൽ രേഖപ്പെടുത്തേണ്ടതാണ്.

# 3-17 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ- അപാകതകൾ

1. സമഗ്ര നെൽകൃഷി വികസനം (81 / 17)

2.(a) യുവജന തരിശ് നെൽകൃഷി വികസനം ( 83 / 17)

(b) തരിശ് നെല്ല് കൃഷി വികസനം (84 / 17)

3. ജൈവ പച്ചക്കറി വികസനം ( വനിത) (90 / 17)

4. സമഗ്ര പുരയിടകൃഷി വികസനം (91 / 17)

5. വാഴ കൃഷി വികസനം (99/17)(പട്ടികജാതി വനിത) തുടങ്ങിയ പദ്ധതികൾക്കായി പുത്തൻച്ചിറ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വളം താഴെ കാണിച്ച നിരക്കിൽ കർഷകർ വാങ്ങിയിട്ടുണ്ട്.

കുമ്മായം 9.50 രൂപ

യൂറിയ 5.68 രൂപ

ഫാക്റ്റം ഫോസ് 17.78 രൂപ

പൊട്ടാഷ് 11.00 രൂപ

ബോൺ മീൽ 25.20 രൂപ

ആനി മീൽ 21.70 രൂപ

നീം കേക്ക് 21.5 രൂപ

ഗ്രൗണ്ട് നട്ട് കേക്ക് 42 രൂപ

(i) ഓഡിറ്റിന് ലഭ്യമാക്കിയ പ്രൊജക്ട് രേഖകളോടൊപ്പമുള്ള ബാങ്കിന്റെ ക്ലെയിം സ്റ്റേറ്റ് മെന്റുകൾ പ്രകാരം ഒട്ടാകെ 4,50,209 രൂപയ്ക്ക് 44009 കി.ഗ്രാം വളം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. മത്സരാധിഷ്ഠിത ടെണ്ടർ പ്രകാരമാണോ വളം സംഭരിക്കുന്നതെന്ന് വ്യക്തമാക്കേണ്ടതാണ്. കർഷകർക്ക് ന്യായയുക്തമായ വിലയ്ക്ക് വളം ലഭ്യമായിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതാണ്.

(ii) മേൽപ്പറഞ്ഞ പ്രൊജക്ടുകളിലെ വളം ബില്ലുകളിൽ നിർവ്വഹണോദ്യോഗസ്ഥ സബ്സിഡി നിജപ്പെടുത്തി രേഖപ്പെടുത്തി സർട്ടിഫൈ ചെയ്തിട്ടില്ല.

(iii) മേൽപ്പറഞ്ഞവയിൽ ക്രമ നം2( a),(b)എന്നീ പദ്ധതികളുടെ ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ ചെലവു രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(iv) ക്രമ നം. 2(a),(b) പ്രൊജക്ടുകളിൽ കൂലിച്ചെലവ് സബ്സിഡി നിജപ്പെടുത്തിയതിന്റെ രേഖകൾ, ഗുണഭോക്താക്കളുടെ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് അനുബന്ധ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/24.8.2017) ലഭ്യമാക്കിയ മറുപടിക്കൊപ്പം രേഖകൾ ഹാജരാക്കിയില്ല. പദ്ധതി ഫയലുകളിൽ അനുബന്ധ രേഖകൾ കൃത്യതയോടെ സൂക്ഷിയ്ക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥ ജാഗ്രത പുലർത്തേണ്ടതാണ്.

## 3-18 ജലനിധി പദ്ധതി-അവലോകനം.

ജലനിധി പഞ്ചായത്ത് വിഹിതമായി തൻവർഷം കൈമാറിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പദ്ധതി നം.64/17 (ജനറൽ) 853747 രൂപ

പദ്ധതി നം.87/17 (ജനറൽ) 250000 രൂപ

മേൽപ്പറഞ്ഞ തുകയുടെ വിനിയോഗസർട്ടിഫിക്കറ്റ് ജലനിധി ശുദ്ധജല വിതരണ സമിതി സെക്രട്ടറി 10-7-2017 ന് ലഭ്യമാക്കി. ആയതിന്റെ വിശദാംശം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ വസ്തുതകൾ താഴെ പറയുന്നു.

1.നാളിതുവരെ ഗ്രാമപഞ്ചായത്ത് വിഹിതമായി 56,53,747/- രൂപ കൈമാറി

| | |
|---|---|
| 2014-15 | 20,50,000/- |
| 2015-16 | 25,00,000/- |
| 2016-17 | 1103747/- |
| ആകെ | 56,53,747/- |

2.പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിൽ വാട്ടർ ടാങ്ക് സ്ഥാപിച്ചു.88km പൈപ്പ് ലൈൻ സ്ഥാപിക്കുകയും2185 ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്.96% പണികൾ പൂർത്തിയാക്കി പദ്ധതിയുടെ കമ്മീഷനിംഗ് സർക്കാർ തീരുമാനം വരുന്ന മുറയ്ക്ക് നടക്കുമെന്ന് അന്വേഷണത്തിന്റെ മറുപടിയിൽ അറിയിച്ചു.പദ്ധതിയുടെ തുടർ പരിപാലനത്തിന് കരാർ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്തിന്റെയും ഗുണഭോക്താക്കളുടെയും

താൽപര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ ആയിരിക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു

## 3-19 ക്ഷേമ പെൻഷനുകൾ

ക്ഷേമപെൻഷനുകൾ അപേക്ഷ ലഭിച്ച് 45 - 60 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. കൂടാതെ ജി. ഒ (എം. എസ്) 602/13 സാമൂഹ്യനീതി വകുപ്പ് ഉത്തരവ് പ്രകാരം അപേക്ഷാതിയതിയിൽ പെൻഷൻ അർഹതയുണ്ടെങ്കിൽ അന്നു മുതൽ പ്രാബല്യത്തിൽ പെൻഷൻ അനുവദിക്കാവുന്നതുമാണ്. 2016 -17 കാലയളവിൽ പഞ്ചായത്തിൽ കൈകാര്യം ചെയ്ത സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| പെൻഷൻ(2016 -17) | ആകെ അപേക്ഷകൾ | അംഗീകരിച്ചത് | നിരസിച്ചത് |
|---|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 277 | 244 | 33 |
| വിധവാ പെൻഷൻ | 47 | 47 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 10 | 10 | 0 |
| വികലാംഗ പെൻഷൻ | 28 | 25 | 3 |
| അവിവാഹിത പെൻഷൻ | 4 | 4 | 0 |

DBT സമ്പ്രദായം നിലവിൽ വന്നതിന് ശേഷം ഗുണഭോക്താക്കൾക്ക് പെൻഷൻ തുക പഞ്ചായത്ത് ഡയറക്ടർ നേരിട്ടാണ് വിതരണം ചെയ്തുവരുന്നത്. ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ സേവനപെൻഷൻ സോഫ്റ്റ് വെയർ വഴി ഡാറ്റാ എൻട്രി ചെയ്ത് DBT സെല്ലിലേയ്ക്ക് ഡാറ്റാ ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തു വരുന്നത്. DBT സെല്ലിൽ നിന്ന് നിശ്ചിത ഗുണഭോക്താക്കൾക്ക് പെൻഷൻ അയക്കുന്ന സമയത്താണ് പെൻഷൻ ഇരട്ടിപ്പ് സംബന്ധിച്ചും മറ്റുമുള്ള പരിശോധന നടത്തുന്നത്. കൂടാതെ വികലാംഗപെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് മറ്റൊരു പെൻഷന് വാങ്ങാൻ അർഹതയുണ്ട് എന്ന ഗവ. ഉത്തരവ് നിലവിൽ ഉണ്ടെങ്കിലും പഞ്ചായത്തിൽ ഡാറ്റാ എൻട്രി ചെയുന്നതിനാവശ്യമായ മാറ്റം സോഫ്റ്റ് വെയറിൽ ഇന്ന് വരെ വരുത്തിയിട്ടില്ല. നിലവിൽ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന അനർഹരായ ഗുണഭോക്താക്കളെ

കണ്ടെത്തുന്നതിന് ഗവ. ഉത്തരവ് പ്രകാരമുള്ള നിശ്ചിത സത്യവാങ്മൂലം പെൻഷൻ വെബിൽ എൻറർ ചെയ്ത് നൽകേണ്ടതുണ്ട്. പെൻഷൻ ഡാറ്റാ എൻട്രി ചെയ്യുന്ന സമയത്തുതന്നെ ഈ സത്യവാങ്മൂലം കൂടി എന്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയാണെങ്കിൽ കുറച്ചുകൂടി വേഗത്തിൽ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കും. പെൻഷൻ അംഗീകാരം, പെൻഷൻ വിതരണം എന്നിവ സംബന്ധിച്ച വിവരങ്ങൾ യഥാസമയം SMS മുഖേന ഗുണഭോതക്താവിന് ലഭ്യമാവുന്നത് അഭികാമ്യമായിരിക്കും. അപേക്ഷകരുടെ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തുമ്പോൾ പെൻഷൻ ലഭ്യമാക്കേണ്ട രീതി ( ബാങ്ക് A/C, EMO, സഹകരണ ബാങ്ക് മുഖേന പണമായി ) തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനമില്ല. സത്യവാങ് മൂലം രേഖപ്പെടുത്തുന്ന സമയത്ത് മാത്രമാണ് ഇതിന് അവസരം ലഭിക്കുന്നത്. അപേക്ഷ ഡാറ്റാ എൻട്രി ചെയ്യുമ്പോൾ തന്നെ ഈ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സൗകര്യമൊരുക്കുകയാണെങ്കിൽ ഗുണഭോക്താക്കൾക്കും ഉദ്യോഗസ്ഥർക്കും സൗകര്യപ്രദമായിരിക്കും.

## **3-20** തൊഴിലുറപ്പപദ്ധതി

മുന്നിരിപ്പടക്കം ആകെ വരവുവന്ന 7572765രൂപയിൽ 17566551 രൂപയും ചെലവഴിച്ചിട്ടുണ്ട്.138പദ്ധതികൾ തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്.587കുടുംബങ്ങൾ തൻവർഷം വിവിധ തൊഴിലുകളിൽ ഏർപ്പെട്ടു.90കുടുംബങ്ങൾക്ക് തൻവർഷം നൂറ് ദിവസം ജോലി ലഭിച്ചു.

പച്ചക്കറി കൃഷിക്ക് ഭൂമി ഉപയുക്തമാക്കിയത് മൂലം,കർഷകരുടെ വരുമാനം വർധിപ്പിക്കുവാൻ ഇടയാക്കി.കീടനാശിനി, ഒഴിവാക്കിക്കൊണ്ട് കൃഷി ചെയ്യുന്ന പക്ഷം അത് സമൂഹത്തിന്റെ ആരോഗ്യകാര്യങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതാണ്. ഇടവിളകൃഷി ചെയ്യുന്നത് മണ്ണിന്റെ ഫലപുഷ്ടി കുറയുന്നത് തടയാനും,പയർകൃഷി ചെയ്യുന്നത് മണ്ണിന്റെ ഫലപുഷ്ടി വർധപ്പിക്കുവാനും ഉതകുന്നതാണ്.മൂന്ന് വീതം കിണറുകളും ഫാം പോണ്ടുകളും ഒമ്പത് മത്സ്യക്കുളങ്ങളും തൻവർഷം പൂർത്തീകരിച്ചു. മറ്റ് ആസ്തികൾ സൃഷ്ടിക്കുന്ന പദ്ധതികളൊന്നും തന്നെ തൻവർഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

വരും വർഷങ്ങളിൽ സാധനസാമഗ്രികൾ ഉപയോഗിച്ച് കൂടുതൽ ആസ്തി സൃഷ്ടിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനും അവിദഗ്ധ തൊഴിലാളികളെ വിദഗ്ധ തൊളിലാളികളാക്കി മാറ്റുവാനാവശ്യമായ നടപടികൾ സ്വീകരിച്ച് പരമാവധി കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ തൊഴിൽലഭ്യത ഉറപ്പുവരുത്തുവാനും പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015/16 | 100000 | വാഴക്കന്ന് വിതരണം | 100000 | |
| | 2016/17 | 275000 | സമഗ്ര നെൽകൃഷി | 275000 | |
| | 2016/17 | 175000 | തരിശ് നെൽകൃഷി | 175000 | |

| | | | | | |
|---|---|---|---|---|---|
| | 2016/17 | 148000 | ജൈവപച്ചക്കറി വനിത | 148000 | |
| | 2016/17 | 270000 | ആട് ഗ്രാമം | 270000 | |
| | 2016/17 | 77258 | അംഗൻവാടി പോഷകാഹാരം | 77258 | |
| | 2016/17 | 75000 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75000 | |
| | 2016/17 | 150000 | മാണിയംകാവ് ശൌചാലയം | 110602 | 39398 |
| | 2016/17 | 300000 | ക്ഷീര കർഷകർക്ക് സബ്സിഡി | 300000 | |
| ജില്ലാ പഞ്ചാത്ത് | 2016/17 | 60000 | യുവജന തരിശ് നെൽകൃഷി വികസനം | 60000 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയ്യതി |
|---|---|---|---|---|
| 2014/15 | 3-4 | 1058 | വത്സല, ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | 11603102743 തിയ്യതി 04/10/2016 |
| 2014/15 | 2-4 | 7390 | എ.ഇ, എൽ.എസ്.ജി.ഡി | 11603103030 തിയ്യതി 27/10/2016 |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,60,74,032 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,93,47,683 |
| വരവിനങ്ങളിലുള്ള നഷ്ടം | 1374 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 511402 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 150 | - | പ്രേമാനന്ദ് സി.എം., സെക്രട്ടറി, പുത്തൻചിറ ഗ്രാമപഞ്ചായത്ത് |
| 2-7 | 1224 | - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 3,90,664/- | ഡോ.പ്രതീഷ് , മെഡിക്കൽ ഓഫീസർ, CHC പുത്തൻചിറ |
| 3-11 | 120738 | ആര്യ.പി.ബി, അസിസ്റ്റന്റ് എഞ്ചിനീയർ |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രേമാനന്ദ്.സി.എം സെക്രട്ടറി, പുത്തൻചിറ ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, പുത്തൻചിറ ഗ്രാമപഞ്ചായത്ത് | പ്രേമാനന്ദ്.സി.എം, ചീരപറമ്പിൽ ഹൗസ്, കോതപറമ്പ് പി.ഒ |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1972-73 | എൽ.എഫ്.ടി.(പി.1)-366/12 തിയതി.01.03.12/ 02.05.12 |
| 75-76 | |
| 76-77 | |
| 78-79 | |
| 79-80 | |
| 80-81 | |

| | |
|---|---|
| 81-82 മുതൽ 91-92 വരെ | |
| 92-93, 93-94 | |
| 94-95, 95-96 | എൽ.എഫ്.ടി.(പി.1)366/12 തീയതി. 01.03.12 |
| 96-97 | |
| 97-98 | |
| 98-99 ചെലവ് | |
| 99-2000 ചെലവ് | |
| 2000-01, 01-02 (പ്ളാൻ) | |
| 2001-02 | |
| 2002-03 | എൽ.എഫ്.ടി.(പി.1)366/12 തീയതി. 01.03.12 |
| 98-99 വരവ് | |
| 99-2000 വരവ് | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 07-08 | എൽ.എഫ്.ടി(പി.12)-1813/10 തീ.14-10-10 |
| 08-09 | എൽ.എഫ്.ടി(പി.12)-1814/10 തീ.14-10-10 |
| 09-10 | എൽഎഫ്.ടി(പി12)-1815/10 തിയതി.4.10.11/3.11.11 |
| 10-11 | എൽഎഫ്.ടി(പി1)-1953/12 തിയതി.8.1.13/8.3.13 |
| 11-12 | എൽഎഫ്.ടി(പി1)-2579/13 തിയതി.9.1.14 |
| 12-13 | എൽഎഫ്.ടി(പി1)-1768/14 തിയതി.4.4.15/12.6.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ. പി-1-1684/15 തീ.28-12-15/9-2-16 |
| 14-15 | കെ എസ് എ ടി എസ് ആർ പി1-1034/16/30.6.16 /28.7.16 |
| 15-16 | കെ എസ് എ ടി എസ് ആർ പി1-1985/16 തീ. 14.11.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി.1)1424/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ-20

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തിയ്യതി: 18.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പുത്തൻച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുത്തൻച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ

സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA-TSR(P1)1424/2017

Kerala State Audit Department,

District Audit Office,Thrissur,
PIN – 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in
Date: 18.09.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Puthenchira Gramapanchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215

of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Puthenchira Grama Panchayath for the year 2016-17, except the observations stated below and in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur